(ബി) സംയോജിത ഓൺലൈൻ പോക്കുവരവ് നിലവിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. റെലിസ് Ver.1 ഉപയോഗിച്ചു കൊണ്ടുള്ള ഓൺലൈൻ പോക്കുവരവ് 15-9-2011 മുതൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ വില്ലേജുകളും ഉടൻതന്നെ റെലിസ് Ver.2-ലേയ്ക്ക് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് 17-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/റവ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുംപെട്ട 420 വില്ലേജുകളിലേക്കുകൂടി ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കർഷകർക്ക് പട്ടയം നൽകൽ

153 (1231) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പമ്പാവാലി, വടന്തമൺ, തെക്കേത്തോടി എന്നിവിടങ്ങളിലെ കൈവശ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) പട്ടയം നൽകാനായി ആരംഭിച്ച സർവ്വേ നടപടികൾ പൂർത്തിയായോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത നടപടികൾ ദ്രുതഗതിയിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; എന്നത്തേക്ക് സർവ്വേ നടപടി പൂർത്തിയാക്കാനാകും;

(സി) പ്രസ്തുത പട്ടയങ്ങൾ ഉപാധികളോടെയുള്ളതാണോ ഉപാധിരഹിതമാണോ; ഉപാധികൾ എന്തൊക്കെയാണ് ;

(ഡി) പതിറ്റാണ്ടുകളായി കർഷകരുടെ കൈവശമിരിക്കുന്ന കൃഷിഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകാൻ നടപടി സ്വീകരിക്കുമല്ലോ; എന്നത്തേക്ക് പട്ടയവിതരണം ചെയ്യാനാകും ;

(ഇ) കർഷകരുടെ കൈവശം ഇപ്പോഴുള്ള ഉപാധി പട്ടയങ്ങളും ഉപാധി രഹിതമാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റാന്നി താലൂക്കിലെ കൊല്ലമുള വില്ലേജിലെ പമ്പാവാലി പ്രദേശത്തെ ആകെയുള്ള 2851 കൈവശങ്ങളിൽ 33 സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഒഴികെ 2818 കൈവശങ്ങളിൽ 1497 എണ്ണത്തിന് ഫുഡ് പ്രൊഡക്ഷൻ (എഫ്.പി.) പട്ടയം ലഭിച്ചിരുന്നതും 2011-ൽ 1031 കൈവശങ്ങൾക്ക് പട്ടയം നൽകിയിരുന്നതും 2015-ലെ പട്ടയമേളയിൽ 207 പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. 83 കൈവശങ്ങൾക്കുകൂടി പട്ടയം നൽകാൻ ബാക്കിയുണ്ട്. അത്തിക്കയം വില്ലേജിലെ മടന്തമൺ എന്ന സ്ഥലത്തെ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിന് ടി സ്ഥലം സർവ്വേ നടത്തി തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായി വരുന്നു. അത്തിക്കയം വില്ലേജിലെ തെക്കേതൊടി പ്രദേശത്തെ കൈവശങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്ഥലം തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടില്ല.

(ബി) പട്ടയം നൽകുന്നതിനുള്ള നടപടികൾ പമ്പാവാലിയിൽ പൂർത്തിയായി. മടന്തമണ്ണിൽ പൂർത്തീകരിച്ചുവരുന്നു.

(സി) 2015 സെപ്റ്റംബർ മാസ പട്ടയമേളയിൽ വിതരണം ചെയ്ത പട്ടയങ്ങൾ ഉപാധിരഹിതമാണ്.

(ഡി&ഇ) നിലവിൽ കൈവശഭൂമിയ്ക്ക് വിതരണം ചെയ്യുന്ന പട്ടയങ്ങൾ ഉപാധിരഹിതമാണ്.

കരവാരം വില്ലേജ്

154 (1232) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം വില്ലേജ് ചിറയിൻകീഴ് താലൂക്കിന്റെ കീഴിലാക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ആയതു എന്നു മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും എന്തെല്ലാം നടപടിയാണ് ഇനി പൂർത്തിയാക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly